<u>സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: ഷീബ ജോർജ്ജ് ഐ.എ.എസ് )

ഉത്തരവ് നം. SJD/2505/2021-E1

തിരുവനന്തപുരം,
തീയതി. 09/07/2021

---

വിഷയം: സാമൂഹ്യനീതി വകുപ്പ് – ജീവനക്കാര്യം – ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേക്ക് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റ നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.സ.ഉ.(അച്ചടി) നം.10/2019/സാ.നീ.വ തീയതി.21/10/2019
2.സ.ഉ.(സാധാ) നം.6/2021/സാ.നീ.വ തീയതി.15/02/2021
3.സ.ഉ.(സാധാ) നം.152/2021/സാ.നീ.വ തീയതി.14/02/2021
4. 7/7/2021 ലെ SJD/839/2021-E6 നം ഗസറ്റ് വിജ്ഞാപനം

സാമൂഹ്യനീതി വകുപ്പിൽ കേരള സോഷ്യൽ വെൽഫെയർ സർവ്വീസിൽ ഉൾപ്പെടുന്ന ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് -I തസ്തികയിൽ ആകെയുള്ള 20 എണ്ണത്തിൽ 8 തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് പുതുതായി രൂപികരിക്കുകയും, വകുപ്പ് പുനഃസംഘടനയുമായി ബന്ധപ്പെട്ട് വിശേഷാൽ ചട്ടങ്ങൾ രൂപികരിക്കുന്നതു വരെ ഇരു വകുപ്പിലെയും ജീവനക്കാരുടെ പുനർവിന്യാസം, നിയമനം, സ്ഥാനക്കയറ്റം എന്നിവയ്ക്കായി വ്യവസ്ഥകൾ നിശ്ചയിച്ച് എക്സിക്യൂട്ടീവ് ഉത്തരവ് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എക്സിക്യൂട്ടീവ് ഉത്തരവ് E (V) യിൽ അനുബന്ധം V ലെ സൂപ്രണ്ട് ഗ്രേഡ്-I തസ്തികയുടെ ഫീഡർ കാറ്റഗറികൾ ഇരു വകുപ്പുകളിലുമായി വിന്യസിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തസ്തികയുടെ സ്ഥാനക്കയറ്റത്തിനുള്ള വ്യവസ്ഥകൾ വകുപ്പ് ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് പിന്നീട് നിശ്ചയിക്കുമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ആയതിൻ പ്രകാരം ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റ നിയമനത്തിനായുള്ള അനുപാതം 1:3 എന്ന ക്രമത്തിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II : ജൂനിയർ സൂപ്രണ്ട് എന്നീ തസ്തികകളിലെ ജീവനക്കാർക്കായി നിശ്ചയിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു

സാമൂഹ്യനീതി വകുപ്പിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയുടെ ആകെയുള്ള 20 എണ്ണത്തിൽ 8 തസ്തികകൾ ഒഴിഞ്ഞ് കിടക്കുകയാണ്. ശ്രീ.വി.കെ.രാധാകൃഷ്ണപിള്ള ഇടുക്കി ഗവ.വൃദ്ധ വികലാംഗ സദനത്തിൽ നിന്ന് 31/05/2020 ലും ശ്രീ.എം.കെ.മോഹനദാസ് വയനാട് ഗവ.വൃദ്ധ വികലാംഗ സദനത്തിൽ നിന്ന് 31/7/2020 ലും ശ്രീ.സന്തോഷ് കുമാർ.എം കൊല്ലം ഗവ.വൃദ്ധ സദനത്തിൽ നിന്ന് 31/1/2021 ലും ശ്രീ.ജാഫർഖാൻ.എസ് പത്തനംതിട്ട ഗവ.വൃദ്ധ സദനത്തിൽ നിന്നും 30/04/2021 ലും ശ്രീമതി.അംബികകുമാരി.എ.കെ കൊല്ലം ഗവ.വൃദ്ധസദനത്തിൽ നിന്നും 31/05/2021 ലും വിരമിക്കുകയുണ്ടായി. ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിലെ 3 ജീവനക്കാർക്ക് ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയിൽ പരാമർശം (3) പ്രകാരം ഉദ്യോഗക്കയറ്റ നിയമനം അനുവദിച്ചതു മുഖേനയുമാണ് ഈ ഒഴിവുകൾ നിലവിൽ വന്നിട്ടുള്ളത്. സാമൂഹ്യനീതി വകുപ്പിൽ ആകെയുള്ള 21 ഗ്രേഡ്-I ക്ഷേമ സ്ഥാപനങ്ങളിൽ ഒന്നായിരുന്ന കണ്ണൂർ ഗവ.ആഫ്റ്റർ കെയർ ഹോം (ബോയ്സ്) വനിതാ ശിശു വികസന വകുപ്പിന് കൈമാറി നൽകുകയും ടി സ്ഥാപനത്തിലെ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തിക ക്രമീകരിച്ചത് മുഖേന ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിൽ ഒരു ഒഴിവ് കുറവ് വന്നിട്ടുള്ളതുമാണ്.

സാമൂഹ്യ നീതി വകുപ്പിൽ നിലവിലുള്ള 8 ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്–I തസ്തികയിലെ ഒഴിവുകളിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർക്കായി ബൈട്രാൻസ്ഫർ നിയമനത്തിന് നിശ്ചിത അനുപാതം അനുസരിച്ച് അനുവദിയ്ക്കപ്പെട്ടിട്ടുള്ള 6 ഒഴിവുകളിലേയ്ക്ക് ലോവർ ഡി.പി.സി കൂടുന്നതിനായുള്ള നടപടി വകുപ്പിൽ സ്വീകരിച്ച് വരുകയാണ്. സാമൂഹ്യ നീതി വകുപ്പിൽ നിലവിലുള്ള 8 ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്–I തസ്തികയിലെ ഒഴിവുകളിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് –II തസ്തികയിലെ ജീവനക്കാർക്കായി നിശ്ചിത അനുപാതം അനുസരിച്ച് അനുവദിയ്ക്കപ്പെട്ടിട്ടുള്ള 2 ഒഴിവുകളിലേയ്ക്ക് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്–II തസ്തികയിലെ ജീവനക്കാരുടെ ലോവർ ഡി.പി.സി കൂടി സർക്കാർ അംഗീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള പരാമർശം (4) സെലക്ട് ലിസ്റ്റിലെ 2 ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദനീയമാണ്.

ഈ സാഹചര്യത്തിൽ നിലവിലുള്ള 2 ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്–I തസ്തികയിലേയ്ക്കും പരാമർശിത സെലക്ട് ലിസ്റ്റിലെ ക്രമ നം.1, 3 ആയി ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന ജീവനക്കാർക്ക് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് –I തസ്തികയിൽ കെ.എസ്&എസ്.എസ്.ആർ ചട്ടം 28 എ (1) പ്രകാരം രൂപ 50200–105300 ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നല്കി അവരവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേര് തസ്തിക നിലവിൽ സേവനമനുഷ്ഠിയ്ക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റ നിയമനം അനുവദിയ്ക്കുന്ന തസ്തിക കാര്യാലയം |
|---|---|---|
| 1 | ശ്രീ.നാരായണൻ.പി<br>ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്–II<br>ഗവ.വൃദ്ധ വികലാംഗ സദനം പാലക്കാട് | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്–I<br>ഗവ.വൃദ്ധ സദനം ,തൃശ്ശൂർ |
| 2. | റാബിയ ഫൈസൽ<br>ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്–II<br>ഗവ.ബാല വികലാംഗ സദനം ആലപ്പുഴ | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്–I<br>ആശഭവൻ തൃശ്ശൂർ |

പാലക്കാട് ഗവ.വൃദ്ധ വികലാംഗ സദനം സൂപ്രണ്ടിൻറെ പൂർണ്ണ അധിക ചുമതല പാലക്കാട് ജില്ല സാമൂഹ്യനീതി ഓഫീസിലെ ജൂനിയർ സൂപ്രണ്ടായ ശ്രീമതി.രാധിക.കെയും ആലപ്പുഴ ഗവ.ബാല വികലാംഗ സദനം സൂപ്രണ്ടിൻറെ പൂർണ്ണ അധിക ചുമതല ആലപ്പുഴ ജില്ല സാമൂഹ്യനീതി ഓഫീസിലെ ജൂനിയർ സൂപ്രണ്ടായ ശ്രീമതി .മീന.ഒ.എസ്സും നിർവഹിയ്ക്കേണ്ടതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കും. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത പ്രവേശന കാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ നിയന്ത്രണാധികാരികൾ വിടുതൽ ചെയ്യേണ്ടതും ജീവനക്കാർ യഥാസമയം ജോലിയിൽ പ്രവേശിയ്ക്കേണ്ടതുമാണ്. ജീവനക്കാരുടെ വിടുതൽ /പ്രവേശനം എന്നിവ സംബന്ധിച്ച റിപ്പോർട്ടും ആർ.ടി.സിയും കാര്യാലയ മേധാവികൾ അയച്ചു തരേണ്ടതുമാണ്.

(ഒപ്പ്)

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

File No.SJD/2505/2021-E1

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
2. അക്കൌണ്ടന്റ് ജനറൽ(എ&ഇ)കേരള,തിരുവനന്തപുരം(ആമുഖകത്ത്സഹിതം)
3. ബന്ധപ്പെട്ട ജില്ല സാമൂഹ്യനീതി ഓഫീസർമാർക്ക്
4. സൂപ്രണ്ട്, എഫ് സെക്ഷൻ (വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
5. ഡയറക്ടറുടെ സി.എയ്ക്ക്
6. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്